# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## നിയമനിർമ്മാണ സഭകളുടെ 125-ാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അഭിരുചി പരീക്ഷയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

(1) അഭിരുചിപരീക്ഷ വിദ്യാഭ്യാസ സ്ഥാപനതലം (വിദ്യാലയതലം), വിദ്യാഭ്യാസ ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്ന് തലങ്ങളിലായി നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയിൽ സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ടി.എച്ച്.എസ്.എൽ.സി,വി.എച്ച്.എസ്.ഇ വിഭാഗങ്ങളി ലുള്ളതും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, സ്റ്റേറ്റ് സിലബസുകൾ പിന്തുടരുന്നതുമായ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.

(2) നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ മക്കൾക്ക് പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുവാദമുണ്ടായിരിക്കുന്നതല്ല.

(3) വിദ്യാഭ്യാസ സ്ഥാപനതലത്തിൽ (ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ, ടി.എച്ച്.എസ്.എൽ.സി) ഓരോ സ്ഥാപനത്തിന്റെയും മേലധികാരി വിദ്യാർത്ഥികളുടെ അറിവും അഭിരുചിയും പരിശോധിച്ച് രണ്ട് വിദ്യാർത്ഥികളെ വീതം തെരഞ്ഞെടുത്ത് ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ 2013 ജൂലൈ 15-ന് മുമ്പ് അറിയിക്കണം. (വിദ്യാഭ്യാസ സ്ഥാപനതല പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്നതല്ല).

(4) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക പ്രകാരമുള്ള വിദ്യാർത്ഥികൾക്കായി ഓരോ വിദ്യാഭ്യാസ ജില്ലാ ഓഫീസറും ജില്ലാതലത്തിൽ ഒരു പരീക്ഷാ കേന്ദ്രം തെരഞ്ഞെടുത്ത് ജൂലൈ 20-ാം തീയതി രാവിലെ 10.00 മണി മുതൽ 11.30 വരെ സംസ്ഥാനത്തൊട്ടാകെ ഒരേ സമയം അഭിരുചി പരീക്ഷ നടത്തി ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും രണ്ട് വിദ്യാർത്ഥികളെ വീതം സംസ്ഥാനതല പരീക്ഷയ്ക്കകായി തെരഞ്ഞെടു ക്കേണ്ടതാണ്.

(5) സംസ്ഥാനതല പരീക്ഷയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള പ്രൊഫോർമ പൂരിപ്പിച്ച് ജൂലൈ 22-ന് മുമ്പ് നിയമസഭാ സെക്രട്ടേറിയറ്റിനെ training@niyamasabha.org എന്ന വിലാസത്തിൽ ഇ-മെയിലായി അറിയിക്കേണ്ടതും അതിന്റെ ഹാർഡ്കോപ്പി ലഭ്യമാക്കേണ്ടതുമാണ്. (പ്രൊഫോർമ നിയമസഭാ സെക്രട്ടേറിയറ്റ് ലഭ്യമാക്കുന്നതാണ്).

(6) സംസ്ഥാനതല പരീക്ഷക്കായി നിയമസഭാ സെക്രട്ടേറിയറ്റിന് നൽകുന്ന മത്സരാർത്ഥികളുടെ വിശദാംശങ്ങളിൽ മത്സരാർത്ഥികളുടെ പേര്, സ്കൂളിന്റെ പേര്, ഫോൺ നമ്പർ, വീട്ടു വിലാസം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(7) വിദ്യാഭ്യാസ ജില്ലാ തലത്തിൽ ആദ്യ രണ്ട് സ്ഥാനത്തേക്ക് തുല്യ മാർക്ക് വരുന്ന പക്ഷം വിജയിയെ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്.

(8) വിദ്യാഭ്യാസ ജില്ലാ തലത്തിലുള്ള പരീക്ഷയുടെ ചോദ്യപേപ്പർ നിയമസഭാ സെക്രട്ടേറിയറ്റ് അച്ചടിച്ച് തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ജൂലൈ 17-ന് മുമ്പ് നേരിട്ട് എത്തിയ്ക്കുന്നതാണ്.

(9) വിദ്യാഭ്യാസ ജില്ലാ തലത്തിൽ ചോദ്യങ്ങൾ ഒബ്ജക്ടീവ് മൾട്ടിപ്പിൾ ചോയ്സ് മാതൃകയിലുള്ളതും, 50 ചോദ്യങ്ങൾ ഉൾക്കൊള്ളുന്നതും, പരമാവധി സമയം 90 മിനിറ്റ് ആയിരിക്കുന്നതുമാണ്.

(10) ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളിൽ തമിഴ് മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് തമിഴിലും, കന്നഡ മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് കന്നഡയിലും , മറ്റ് വിദ്യാർത്ഥികൾക്ക് മലയാളത്തിലും പരീക്ഷ എഴുതാവുന്നതാണ്.

(11) വിദ്യാഭ്യാസ ജില്ലാതല പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് നിശ്ചയിക്കുന്ന പ്രകാരവും നിരക്കിലും അധ്യാപകർക്ക് ഓണറേറിയം നൽകുന്നതാണ്.

(12) വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഉത്തരക്കടലാസുകളുടെ പരിശോധന കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാഭ്യാസ ജില്ലാ ഓഫീസർ ഏർപ്പാടാക്കേണ്ടതാണ്.

(13) സംസ്ഥാനതല പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവ തിരുവനന്തപുരത്ത് വച്ച് നിയമസഭാ സെക്രട്ടേറിയറ്റ് നേരിട്ട് നടത്തുന്നതാണ്.

(14) ചോദ്യബാങ്ക് (മാതൃകാ ചോദ്യങ്ങൾ) നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.niyamasabha.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(15) സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഡി.ഇ.ഒ. നിശ്ചയിക്കുന്ന ഒരു അധ്യാപകനും സ്ലീപ്പർ ക്ലാസ്സ് ട്രെയിൻ യാത്രാ നിരക്കും ഒരാൾക്ക് ഒരു ദിവസം 500 രൂപവീതം ദിനബത്തയും നൽകുന്നതാണ്.

(16) ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക നിയമസഭാ സന്ദർശന പരിപാടി സംഘടിപ്പിക്കുന്നതാണ്.

(17) ഫൈനൽ മത്സരത്തിലെ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000, 12,000, 10,000 രൂപവീതം ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും മെമന്റോയും നൽകുന്നതാണ്.

(18) അഭിരുചി പരീക്ഷാ പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല പൊതു വിദ്യാഭ്യാസ ഡയറക്ടർക്കായിരിക്കും.

(19) നിയമസഭാ സെക്രട്ടേറിയറ്റിൽ ഇതു സംബന്ധിച്ച കാര്യങ്ങളുടെ ചുമതല പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിനായിരിക്കും.

*********